കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് മിഷൻ - ജില്ലാ കോ-ഓർഡിനേറ്റർ തസ്തികയിലേക്ക് അന്യത്രസേവനവ്യവസ്ഥയിൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.4034/2017/തസ്വഭവ തിരുവനന്തപുരം, തീയതി : 14/12/2017.

---

വായന:- 1. സ.ഉ(എം.എസ്) നം.161/2017/തസ്വഭവ തീയതി 18/08/2017
2. 21/10/2017 ലെ നോട്ടിഫിക്കേഷൻ നം. 06/2017/ലൈഫ്
3. ലൈഫ് മിഷൻ സി.ഇ.ഒ യുടെ 06/12/2017 ലെ കുറിപ്പ് നം. എൽ.എഫ്.10/2017/ലൈഫ്

## ഉത്തരവ്

ലൈഫ് മിഷന്റെ ജില്ലാ തലത്തിലുള്ള ജില്ലാ കോ-ഓർഡിനേറ്റർ തസ്തികയിലേക്ക് അന്യത്രസേവനവ്യവസ്ഥയിൽ നിയമിക്കപ്പെടുന്നതിനായി രണ്ടാമതായി വായിച്ച നോട്ടിഫിക്കേഷൻ പ്രകാരം ലഭിച്ച അപേക്ഷകരിൽ നിന്നും യോഗ്യരായ ഉദ്യോഗസ്ഥരെ 29/11/2017 ൽ അഭിമുഖ പരീക്ഷയ്ക്ക് വിധേയമാക്കുകയും അതിൽ നിന്നും ചുവടെ ചേർത്തിരിക്കുന്ന ഉദ്യോഗസ്ഥരെ തിരഞ്ഞെടുത്ത് സെലക്ഷൻ ലിസ്റ്റ് തയ്യാറാക്കുകയും ചെയ്തതായി മൂന്നാമതായി വായിച്ച കുറിപ്പ് മുഖേന ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിന് അംഗീകാരം നൽകണമെന്നും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആവശ്യപ്പെട്ടിട്ടുണ്ട്.

1) ശ്രീ. പി.വി. ഉദയസിംഹൻ, സെക്രട്ടറി, ചേർത്തല സൗത്ത് ഗ്രാമപഞ്ചായത്ത്, ആലപ്പുഴ
2) ശ്രീ.സുബാഷ് സി.എൻ, അസിസ്റ്റന്റ് ഡവലപ്പ്മെന്റ് പ്ലാനിംഗ് ഓഫീസർ, ജില്ലാ പ്ലാനിംഗ് ഓഫീസ്, എറണാകുളം സിവിൽ സ്റ്റേഷൻ, കാക്കനാട് പി.ഒ., എറണാകുളം.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ലൈഫ് മിഷന്റെ ജില്ലാ തലത്തിലുള്ള ജില്ലാ കോ-ഓർഡിനേറ്റർ തസ്തികയിലേക്ക് അന്യത്രസേവനവ്യവസ്ഥയിൽ നിയമിക്കപ്പെടുന്നതിനായി ലൈഫ് മിഷൻ സി.ഇ.ഒ ലഭ്യമാക്കിയ ലിസ്റ്റ് അംഗീകരിച്ചുകൊണ്ടും മുകളിൽപ്പറയുന്ന ഉദ്യോഗസ്ഥരെ യഥാക്രമം ആലപ്പുഴ, കോട്ടയം ജില്ലകളുടെ ജില്ലാ തലത്തിലുള്ള കോ-ഓർഡിനേറ്ററായി അന്യത്രസേവനവ്യവസ്ഥയിൽ നിയമിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു. ഇതു സംബന്ധിച്ചുള്ള തുടർനടപടി ലൈഫ് മിഷൻ സി.ഇ.ഒ സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം.
ശ്രീ. പി.വി. ഉദയസിംഹൻ, സെക്രട്ടറി, ചേർത്തല സൗത്ത് ഗ്രാമപഞ്ചായത്ത്, ആലപ്പുഴ
(ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ മുഖേന)
ശ്രീ. സുബാഷ് സി.എൻ, അസിസ്റ്റന്റ് ഡവലപ്പ്മെന്റ് പ്ലാനിംഗ് ഓഫീസർ, ജില്ലാ പ്ലാനിംഗ് ഓഫീസ്, സിവിൽ സ്റ്റേഷൻ, കാക്കനാട് പി.ഒ., എറണാകുളം.
(ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ മുഖേന)
മെമ്പർ സെക്രട്ടറി, പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടിവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം.

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ